LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പഞ്ചകർമ്മ സെന്ററിൽ ഒരു ക്ലിനിക്കും, പഞ്ചകർമ്മ ചികിത്സ ഉൾപ്പെടെ എല്ലാ ആയുർവ്വേദ ചികിത്സകളും നടത്തുന്നുണ്ട്. പ്രധാന ചികിത്സ ഇനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* ഒരു വർഷം 10 ലക്ഷം രൂപ ശരാശരി വരുമാനം ലഭിക്കുന്നുണ്ട്.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെകീഴിലുള്ള തൃശ്ശൂർ അഞ്ചേരിയിലെ ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ കരാർ അടിസ്ഥാനത്തിൽ 41 പേർ ജോലി ചെയ്യുന്നു. പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം ഉത്പാദനം മന്ദഗതിയിലാണ്. സ്ഥാപനം പുനരുദ്ധരിക്കുന്നതിനുള്ള പ്രോജക്ടുകൾ നിലവിൽ പരിഗണനയിലില്ല.

(സി) അഞ്ചേരിയിലെ ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ ഉത്പാദനം പുനരാരംഭിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുവാനും അവരുടെ കുടിശ്ശിക ശമ്പളം ലഭ്യമാക്കാനും മാനേജ്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ജീവനക്കാർക്ക് ശമ്പളം

225 (5028) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം പട്ടിജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ എത്ര തവണ തെരഞ്ഞെടുപ്പ് നടത്തിയെന്നും ഭരണ സമിതികളെ എത്ര തവണ പിരിച്ചുവിട്ടുവെന്നും വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ഭരണസമിതികളെ പിരിച്ചുവിടാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിലെ മാനേജിംഗ് ഡയറക്ടർ, ബിസിനസ് മാനേജർ എന്നിവർക്ക് പ്രതിമാസ ശമ്പളം എത്രയാണ് ; ആയത് ഏത് വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നൽകുന്നത് ; വെളിപ്പെടുത്തുമോ;

(ഡി) ഫെഡറേഷനിലെ ജീവനക്കാർക്ക് ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ സ്ഥാപനത്തിന് സാമ്പത്തിക സ്ഥിതിയില്ലാത്ത സാഹചര്യത്തിൽ മാനേജിംഗ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഡയറക്ടർക്കും ബിസിനസ് മാനേജർക്കും ശമ്പളംനൽകുന്ന രീതിയിൽ പ്രസ്തുത ജീവനക്കാർക്കും ശമ്പളം നൽകുവാൻ തയ്യാറാകുമോ ;

(ഇ) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് കൊടുത്തു തീർക്കാൻ കുടിശ്ശികയുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും ആയത് എന്നത്തേക്ക് കൊടുത്തുതീർക്കാനാകുമെന്നും വെളിപ്പെടുത്തുമോ ; പെൻഷനായ ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ കുടിശ്ശികയുള്ളത് ; ആയത് എപ്പോൾ കൊടുത്തു തീർക്കാനാകുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ ഒരു തവണ തെരഞ്ഞെടുപ്പ് (5-2-2013) നടത്തിയിട്ടുണ്ട്. എന്നാൽ ഭരണ സമിതിയെ പിരിച്ചുവിട്ടിട്ടില്ല.

കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ ഫെഡറേഷനിൽ ഭരണ സമിതിയിൽ ക്വാറം (section 28 (5) of the Kerala Co-Operative Societies Act 1969 and bye-law clause 14 (B) of the Federation) ഇല്ലാത്തതിനെ തുടർന്ന് ഫെഡറേഷനിൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിന്, 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 33 (1) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ 7-2-2012 ലെ എസ്.സി.റ്റി (1) 2428/12 നമ്പർ ഉത്തരവ് പ്രകാരം പാർട്ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയുണ്ടായി. തുടർന്ന് ഫെഡറേഷനിൽ 5-2-2013-ൽ ഭരണ സമിതി തെരഞ്ഞെടുപ്പ് നടത്തുകയും അന്നുതന്നെ പുതിയ ഭരണ സമിതി ചാർജെടുക്കുകയും ചെയ്തു. എന്നാൽ ടി ഭരണസമിതിയും ക്വാറം ഇല്ലാത്തതിനെ തുടർന്ന് ഫെഡറേഷനിൽ ഭരണ സ്തംഭനം ഒഴിവാക്കുന്നതിന് 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 33(1) (എ.എ.) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ 13-3-2015-ലെ എസ്.സി.റ്റി.(1) 39906/14 നമ്പർ ഉത്തരവ് പ്രകാരം പാർട്ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റർ 13-3-2015-ന് ചാർജെടുക്കുകയും ചെയ്തു.

(സി) സഹകരണ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ മാനേജിംഗ് ഡയറക്ടറുടെ പ്രതിമാസ ശമ്പളം 76,952 രൂപ ബിസിനിസ് മാനേജരുടെ ശമ്പളം 50,252 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

ടി ഇക സഹകരണ വകുപ്പിന്റെ പ്ലാൻ ഹെഡിൽ ഉൾപ്പെടുത്തി 2013-14, 2014-15 വർഷങ്ങളിൽ 25 ലക്ഷം രൂപ വീതം ലഭിച്ചതിൽനിന്നുമാണ് നൽകിയിട്ടുള്ളത്.

(ഡി) സഹകരണ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന മാനേജിംഗ് ഡയറക്ടർ, ബിസിനസ് മാനേജർ എന്നിവർക്ക് സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ശമ്പളം നൽകുന്നത്. ഫെഡറേഷൻ ജീവനക്കാർക്ക് ഇപ്രകാരം പദ്ധതിയിൽ തുക ലഭ്യമാക്കുന്നില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ഫെഡറേഷനിലെ നിലവിലുള്ള ജീവനക്കാരുടെയും പെൻഷൻ പറ്റിയ ജീവനക്കാരുടെയും പി.എഫ്., പെൻഷൻ, ഗ്രാറ്റുവിറ്റി, ടെർമിനൽ സറണ്ടർ, ഡി.എ. അരിയർ തുടങ്ങിയ കുടിശ്ശികകൾ സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് അനുബന്ധം ആയി ചേർക്കുന്നു.*

വ്യാപാര പദ്ധതികൾ വിപുലപ്പെടുത്തി ശമ്പള കുടിശ്ശികകൾ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ്

226 (5029) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.;

(എ) പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ പുതിയ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly